2025 OCTOBER
06
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ധനകാര്യസ്ഥാപനങ്ങളിൽ അവകാശികളില്ലാതെ 1.84 ലക്ഷം കോടിയുടെ ആസ്തികൾ



**ന്യൂദൽഹി:** ഇന്ത്യയിൽ വിവിധ ധനകാര്യസ്ഥാപനങ്ങളിലായി അവകാശികളില്ലാതെ കിടക്കുന്നത് 1.84 ലക്ഷം കോടിയുടെ ആസ്തികൾ. രണ്ടു വർഷം മുൻപ് 35,000 കോടി രൂപയായിരുന്നതാണ് മൂന്നിരട്ടിയിലധികം വർധിച്ചത്. ഈ തുക അവകാശികൾക്ക് തിരികെ നൽകുന്നതിനായി കേന്ദ്ര സർക്കാർ രാജ്യവ്യാപകമായി ബോധവൽക്കരണ പരിപാടി ആരംഭിച്ചുകഴിഞ്ഞു.

അവകാശികളില്ലാത്ത ഈ പണം സർക്കാരിന്റെ പക്കൽ സുരക്ഷിതമാണെന്നും ശരിയായ രേഖകൾ സമർപ്പിച്ച് പൗരന്മാർക്ക് അവരുടെ ഫണ്ടുകൾ തിരിച്ചെടുക്കാനാകുമെന്നും ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്ത് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. സർക്കാർ പണത്തിന്റെ സംരക്ഷകരായി നിലകൊള്ളുമെന്നും ലഭ്യമാകുന്ന ഉടമസ്ഥാവകാശം പരിശോധിച്ചു കഴിഞ്ഞാൽ പണം അവർക്ക് വിട്ടുകൊടുക്കുമെന്നും ധനമന്ത്രി പറഞ്ഞു.

ബാങ്കുകൾ, ആർബിഐ, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) തുടങ്ങിയ വിവിധ ധനകാര്യസ്ഥാപനങ്ങളിലാണ് അവകാശികളില്ലാത്ത കോടിക്കണക്കിനു രൂപയുടെ ആസ്തികളുള്ളത്. ക്ലെയിം ചെയ്യാത്ത നിക്ഷേപങ്ങൾ ആർബിഐയിലേക്കും ക്ലെയിം ചെയ്യാത്ത ഓഹരികളും ലാഭവിഹിതങ്ങളും കോർപറേറ്റ് കാര്യ മന്ത്രാലയം കൈകാര്യം ചെയ്യുന്ന ഇൻവെസ്റ്റർ എഡ്യുക്കേഷൻ ആൻഡ് പ്രൊട്ടക്ഷൻ ഫണ്ടിലേക്കും (ഐഇപിഎഫ്) മാറ്റുകയാണ് ചെയ്യുന്നത്. വിവിധ ബാങ്ക് നിക്ഷേപങ്ങൾ, ഇൻഷുറൻസ് വരുമാനം, ലാഭവിഹിതം, ഓഹരികൾ എന്നിവയെല്ലാം ക്ലെയിം ചെയ്യാതെ കിടക്കുന്നുണ്ട്.

ഇക്കാര്യത്തിൽ പൗരന്മാരെ സഹായിക്കുന്നതിന് ആർബിഐ, യുഡിജിഎഎം എന്ന ഡിജിറ്റൽ പോർട്ടൽ രണ്ടു വർഷം മുൻ!പ് ആരംഭിച്ചിട്ടുണ്ട്. വെബ്സൈറ്റ്: udgam.rbi.org.in. ഈ പോർട്ടലിൽ റജിസ്ടർ ചെയ്ത് ക്ലെയിം ചെയ്യാത്ത നിക്ഷേപങ്ങൾ തിരയുന്നവർക്ക് Unclaimed Deposit Reference Number ലഭിക്കും. ബാങ്കുകളിൽ നിന്നു തുക സുരക്ഷിതമായി തിരിച്ചു വാങ്ങുന്നതിന് ഈ നമ്പറാണ് ഉപയോഗിക്കുക.

ഇതിനായി ഉദ്ഗം പോർട്ടലിൽ ആദ്യം റജിസ്ടർ ചെയ്യണം. രാജ്യത്ത് അവകാശികൾ ഇല്ലാതെ 30 ലേറെ ബാങ്കുകളിലുൾപ്പെടെ കുടുങ്ങിക്കിടക്കുന്ന എല്ലാ ആസ്തികളുടെയും വിവരങ്ങൾ ഇതിലൂടെ അറിയാം. പോർട്ടലിൽ പ്രവേശിച്ച് അക്കൗണ്ട് ഉടമയുടെ പേര്, പാൻ, തിരഞ്ഞെടുപ്പ് കാർഡ് നമ്പർ, പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ് നമ്പർ, ജനനത്തീയതി തുടങ്ങിയ രേഖകളെല്ലാം സമർപ്പിക്കുന്നത് തിരച്ചിൽ കൂടുതൽ കാര്യക്ഷമമാക്കും.

സ്ഥാപനങ്ങളാണെങ്കിൽ ഒപ്പ് ഇടാൻ അധികാരപ്പെടുത്തിയിട്ടുള്ള ആളുടെ പേര്, പാൻ, കോർപറേറ്റ് തിരിച്ചറിയൽ നമ്പർ, തുടങ്ങിയ വർഷം തുടങ്ങിയ വിവരങ്ങളാണ് നൽകേണ്ടത്. എഐ സഹായത്തോടെ ആസ്തി കണ്ടെത്താൻ ഈ തിരച്ചിൽ സഹായിക്കും. ആസ്തി കണ്ടെത്തിയാൽ ലഭിക്കുന്ന തിരിച്ചറിയൽ നമ്പർ വഴി സുരക്ഷിതമായി അവകാശികളില്ലാത്ത തുക കണ്ടെത്താനാകും.

## ബയോ കണക്ട് 3.0; ഒൻപത്, 10 തീയതികളിൽ കോവളത്ത്

**തിരുവനന്തപുരം:** കേരളത്തിലെ ജീവശാസ്ത്ര മേഖലയെ ആഗോളതലത്തിൽ പ്രദർശിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന ബയോ കണക്ട് ഇൻറർനാഷണൽ ലൈഫ് സയൻസസ് കോൺക്ലേവ് ആൻഡ് എക്സ്പോയുടെ മൂന്നാം പതിപ്പ് ഒൻപത്, 10 തീയതികളിൽ കോവളം ലീല റാവിസിൽ നടക്കുമെന്നു വ്യവസായ മന്ത്രി പി.രാജീവ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപറേഷൻറെ (കെഎസ്ഐഡിസി) കീഴിലുള്ള കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്കും ബയോ 360 ലൈഫ് സയൻസസ് പാർക്കും ചേർന്നാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. മന്ത്രി പി. രാജീവ്, ആരോഗ്യമന്ത്രി വീണാ ജോർജ് തുടങ്ങിയവർ പങ്കെടുക്കും.

സമ്മേളനത്തിന്റെ ഭാഗമായി ന്യൂട്രാസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ, എഐ ആൻഡ് ഹെൽത്ത്, ആയുർവേദം തുടങ്ങിയ മേഖലകളിൽ പ്രത്യേക സെഷനുകൾ സംഘടിപ്പിക്കും. ആർ ആൻഡ് ഡി സ്ഥാപനങ്ങൾ ഉൾപ്പെടെ രാജ്യത്തെ പ്രമുഖ ഗവേഷണ കേന്ദ്രങ്ങളും കമ്പനികളും അവരുടെ സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കും.

കേരളത്തെ ആരോഗ്യബയോടെക് മേഖലകളിലെ ഇന്നൊവേഷൻ ഹബ്ബ് ആക്കുക എന്ന ലക്ഷ്യത്തോടെയാണ് കണക്ടിംഗ് സയൻസ് ടു ബിസിനസ് എന്ന മുദ്രാവാക്യവുമായി കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി 700 ലധികം പ്രതിനിധികളും 75 ലധികം എക്സിബിറ്റർമാരും 60 ലധികം വക്താക്കളും കോൺക്ലേവിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലാബ് സെൻട്രൽ സ്ഥാപകനും കേംബ്രിഡ്ജ് ഇന്നവേഷൻ സെൻററിൻറെ സഹസ്ഥാപകനുമായ ടിമോത്തി റോവ് (അമേരിക്ക), ഫോഗാർട്ടി ഇന്നവേഷൻ സിഇഒ ആൻഡ്രൂ ക്ലീലാൻഡ് (സിലിക്കൺ വാലി) എന്നിവരാണ് പ്രധാന അന്താരാഷ്ട്ര വക്താക്കൾ.

## സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മൊത്തം ബിസിനസ് 2 ലക്ഷം കോടിക്ക് മുകളിൽ

**കൊച്ചി:** തൃശൂർ ആസ്ഥാനമായ പ്രമുഖ സ്വകാര്യ ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തെ രണ്ടാംപാദമായ ജൂലൈസെപ്റ്റംബറിലെ പ്രാഥമിക ബിസിനസ് കണക്കുകൾ പുറത്തുവിട്ടു.

മൊത്തം വായ്പകൾ മുൻവർഷത്തെ സമാനപാദത്തിലെ 84,714 കോടി രൂപയെ അപേക്ഷിച്ച് 9% ഉയർന്ന് 92,287 കോടിയിലെത്തിയെന്ന് ബാങ്ക് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് സമർപ്പിച്ച റിപ്പോർട്ട് വ്യക്തമാക്കി. മൊത്തം വായ്പകൾ 1.05 ലക്ഷം കോടിയിൽ നിന്ന് 10% ഉയർന്ന് 1.15 ലക്ഷം കോടി രൂപയുമായി.

ഇതോടെ, ബാങ്കിന്റെ മൊത്തം ബിസിനസ് 2 ലക്ഷം കോടി രൂപയും കടന്നു. കറന്റ് അക്കൗണ്ട് സേവിങ്സ് അക്കൗണ്ട് (കാസ) നിക്ഷേപം 10% മെച്ചപ്പെട്ട് 36,841 കോടി രൂപയായി. കഴിഞ്ഞവർഷത്തെ സെപ്റ്റംബർ പാദത്തിൽ ഇത് 33,530 കോടിയായിരുന്നു. പ്രവർത്തന മികവിന്റെ അളവുകോലുകളിലൊന്നായ കാസ അനുപാതം (കാസ റേഷ്യോ) 31.80ൽ നിന്ന് 31.86 ശതമാനത്തിലേക്ക് ഉയർന്നതും നേട്ടമായി. ഇക്കഴിഞ്ഞ മാർച്ച് പാദത്തിൽ 31.37 ശതമാനമായിരുന്നു.

കഴിഞ്ഞ വെള്ളിയാഴ്ച 1.19% ഉയർന്ന് 29.72 രൂപയിലാണ് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഓഹരികൾ വ്യാപാരം പൂർത്തിയാക്കിയത്. 7,776 കോടി രൂപ വിപണിമൂല്യമുള്ള ബാങ്കിന്റെ ഓഹരികൾ കഴിഞ്ഞ ഒരുവർഷത്തിനിടെ നിക്ഷേപകർക്ക് 28% നേട്ടം (റിട്ടേൺ) സമ്മാനിച്ചിട്ടുണ്ട്. 4 ശതമാനം മാത്രമാണ് കഴിഞ്ഞ ഒരുമാസത്തെ നേട്ടം.

## വിഷൻ 2035; ബ്രിട്ടീഷ് പ്രധാനമന്ത്രി കിയ സ്റ്റാമെർ ഇന്ത്യയിലേക്ക്



**ന്യൂഡൽഹി:** ബ്രിട്ടീഷ് പ്രധാനമന്ത്രി കിയ സ്റ്റാമെർ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലേക്ക്. ഒക്ടോബർ 8,9 തീയതികളിലായാകും സ്റ്റാമെറിന്റെ സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. 2025 ജൂലായിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യുകെ സന്ദർശിച്ചതിന്റെ തുടർച്ചയായാണ് അദ്ദേഹത്തിന്റെ സന്ദർശനം.

വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, പ്രതിരോധം, സുരക്ഷ, കാലാവസ്ഥ, ഊർജം, ആരോഗ്യം, വിദ്യാഭ്യാസം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവ ഉൾക്കൊള്ളുന്ന 10 വർഷത്തെ സമഗ്ര പദ്ധതിയായ 'വിഷൻ 2035' നരേന്ദ്ര മോദിയും സ്റ്റാമെറും തമ്മിൽ ചർച്ച ചെയ്യും. ഒക്ടോബർ 9ന് മുംബൈയിൽ വ്യവസായവാണിജ്യ പ്രമുഖരുമായി കൂടിക്കാഴ്ചയും നിശ്ചയിച്ചിട്ടുണ്ട്.

ഇന്ത്യയുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാറിനെ സംബന്ധിച്ചും ഇരു പ്രധാനമന്ത്രിമാരും ചർച്ച നടത്തും. ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിന്റെ ആറാം പതിപ്പിൽ കിയ സ്റ്റാമെർ പങ്കെടുക്കും. 2025 ജൂലൈ 24നാണ് ഇന്ത്യയുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാറിൽ ഇന്ത്യയും യുകെയും ഒപ്പുവച്ചത്.






## ധനലക്ഷ്മി ബാങ്കിന് സ്വർണപ്പണയ വായ്പയിൽ 32% മുന്നേറ്റം

**കൊച്ചി:** തൃശൂർ ആസ്ഥാനമായ സ്വകാര്യബാങ്കായ ധനലക്ഷ്മി ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തിന്റെ (2025-26) ആദ്യപകുതിയിലെ (ഏപ്രിൽസെപ്റ്റംബർ) പ്രാഥമിക ബിസിനസ് കണക്കുകൾ പുറത്തുവിട്ടു. മൊത്തം ബിസിനസ് മുൻവർഷത്തെ സമാനകാലത്തെ 25,650 കോടി രൂപയിൽ നിന്ന് 17.53% വർധിച്ച് 30,147 കോടി രൂപയായെന്ന് ബാങ്ക് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് സമർപ്പിച്ച റിപ്പോർട്ട് വ്യക്തമാക്കി.

DhanlaxmiBank
established 1927

മൊത്തം നിക്ഷേപം 14,632 കോടി രൂപയിൽ നിന്ന് 17,103 കോടി രൂപയായി മെച്ചപ്പെട്ടു; വളർച്ച 16.89%. കറന്റ് അക്കൗണ്ട് സേവിങ്സ് അക്കൗണ്ട് (കാസ) നിക്ഷേപം 4,937 കോടി രൂപയാണ്. മുൻവർഷത്തെ സമാനകാലത്തെ 4,633 കോടി രൂപയിൽ നിന്ന് ഇത് 6.56% ഉയർന്നു.

മൊത്തം വായ്പകൾ 11,018 കോടി രൂപയിൽ നിന്നുയർന്ന് 13,044 കോടി രൂപയായി. 18.39 ശതമാനമാണ് വളർച്ച. സ്വർണപ്പണയ വായ്പകളിലാണ് ബാങ്ക് ഏറ്റവുമധികം മുന്നേറ്റം കാഴ്ചവച്ചത്. 3,373 കോടി രൂപയിൽ നിന്ന് സ്വർണപ്പണയ വായ്പാമൂല്യം ഇക്കുറി 4,447 കോടി രൂപയിലെത്തി; 31.84 ശതമാനമാണ് വളർച്ച.

ഓഹരി വിപണിയിലെ കഴിഞ്ഞ സെഷനിൽ 0.68% ഉയർന്ന് 25.32 രൂപയിലാണ് ധനലക്ഷ്മി ബാങ്ക് ഓഹരികൾ വ്യാപാരം പൂർത്തിയാക്കിയത്. 999.38 കോടി രൂപ വിപണിമൂല്യമുള്ള ബാങ്കിന്റെ ഓഹരികളുടെ 52ആഴ്ചത്തെ ഉയരം കഴിഞ്ഞ ഡിസംബർ 26ലെ 45 രൂപയാണ്. 52ആഴ്ചത്തെ താഴ്ച ഈ വർഷം ജനുവരി 28ലെ 22 രൂപയും.

# രക്തദാന വാരാചരണം ഇന്ന്

**കൊച്ചി:** ഐ.എം.എ ബ്ലഡ്ബാങ്കിന്റെ ആഭിമുഖ്യത്തിൽ ദേശീയ രക്തദാന വാരാചരണം ഇന്ന് . കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ചിരിക്കുന്ന വാരാഘോഷം രാവിലെ 10.30ന് ജില്ലാ കളക്ടർ ജി.പ്രിയങ്ക ഐ.എ.എസ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ഐ.എം.എ ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ.കെ.നാരായണൻ കുട്ടി അധ്യക്ഷത വഹിക്കും. ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ ഡോ. രമ മേനോൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.അതുൽ ജോസഫ് മാനുവൽ മുഖ്യ പ്രഭാഷണം നടത്തും. ഏറ്റവും കൂടുതൽ രക്തദാനം നൽകിയിട്ടുള്ള ഗ്രൂപ്പുകളെയും, വ്യക്തികളെയും ചടങ്ങിൽ ആദരിക്കും. ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം.ഐ.ജുനൈദ് റഫാൻ, ട്രഷറർ ഡോ. എം.നാരായണൻ, ടി.സി.എസ് കേരള മേധാവി ദിനേശ് തമ്പി, ക്യാമ്പ് ഓർഗനൈസർ റോബർട്ട് തോപ്പുപുറം, രക്തദാതാക്കളുടെ പ്രതിനിധി എം.എസ്.മുഹമ്മദ് ഹസറത്ത്, ടി.ജി.ഗിരീഷ് തുടങ്ങിയവർ പ്രസംഗിക്കും.

# കൊച്ചി ചുറ്റിക്കാണാം ഡബിൾ ഡക്കർ ബസ്സിൽ, 200 രൂപ മാത്രം

**കൊച്ചി:** കൊച്ചിയിലെ നഗര കാഴ്ചകൾ കാണാൻ കെ.എസ് ആർ.ടി സി ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി ആരംഭിച്ച കൊച്ചി സിറ്റി റൈഡ് ഡബിൾ ഡക്കർ ബസ് ട്രിപ്പുകൾ ഒരു ദിവസം മൂന്ന് എണ്ണം ആയി വർദ്ധിപ്പിച്ചു. എറണാകുളം ജെട്ടി സ്റ്റാൻഡിൽ നിന്ന് വൈകിട്ട് നാലിന് ആദ്യ ട്രിപ്പും, 6.30 ന് രണ്ടാമത്തെ ട്രിപ്പും, മൂന്നാമത്തെ ട്രിപ്പ് രാത്രി ഒമ്പതിനും ആരംഭിക്കും.

അപ്പർ ഡക്ക് ചാർജ് 200 രൂപയായും, ലോവർ ഡക്കർ ചാർജ് 100 രൂപ ആയും കുറച്ചു. അപ്പർ ഡക്കിൽ 39 സീറ്റുകളും, ലോവർ ഡക്കിൽ 24 സീറ്റുകളും ആണ് ഉള്ളത്.

എല്ലാ ദിവസവും ജെട്ടി സ്റ്റാൻഡിൽ നിന്ന് ആരംഭിച്ച് ഗോശ്രീ പാലം കടന്ന് കാളമുക്കിൽ എത്തി, തിരിച്ച് ഹൈകോർട്ട് വഴി എം ജി റോഡിലൂടെ ജോസ് ജംഗ്ഷൻ,തേവര വഴി കോപ്റ്റ് അവന്യു എത്തി ഷിപ്പ് യാർഡ്, മഹാരാജാസ് കോളേജ്,സുഭാഷ് പാർക്ക് വഴി ജെട്ടിയിൽ തിരിച്ച് എത്തുന്ന രീതിയിൽ ആണ് ട്രിപ്പ് ക്രമീകരിച്ചിരിക്കുന്നത്.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന സംസ്ഥാനതല കായിക മേളയിലേക്ക് മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന് കീഴിലെ പ്രി മെട്രിക് ഹോസ്റ്റലുകളിൽ നിന്ന് മത്സരിക്കുന്ന കുട്ടികളെ (24+ 4 ജീവനക്കാർ) ഒക്ടോബർ 17ന് തിരുവനന്തപുരത്തേക്ക് കൊണ്ടുപോകുന്നതിനും മേള നടക്കുന്ന ദിവസങ്ങളിൽ താമസസ്ഥലത്തുനിന്ന് വേദിയിലേക്കും ഒക്ടോബർ 20ന് തിരികെ കോതമംഗലത്ത് എത്തിക്കുന്നതിനും താത്പര്യമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ഒക്ടോബർ 13 ന് വൈകീട്ട് മൂന്നു വരെ ക്വട്ടേഷനുകൾ സമർപ്പിക്കാം.

# താൽകാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാസ്റ്റ് പദ്ധതിയുടെ കീഴിൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽകാലിക നിയമനം നടത്തുന്നു. കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച ഡയാലിസിസ് ടെക്നിഷ്യൻ കോഴ്സ്, കേരള പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ, രണ്ടു വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത.

പ്രായപരിധി 2142. താൽപര്യമുള്ളവർ വയസ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം ഒക്ടോബർ 23ന് എറണാകുളം മെഡിക്കൽ കോളേജ് സി സി എം ഹാളിൽ രാവിലെ 11 ന് നടക്കുന്ന വാക്ഇൻ ഇ്ററർവ്യൂവിൽ പങ്കെടുക്കണം. രജിസ്ട്രേഷൻ രാവിലെ 10:30 മുതൽ 11:00 വരെ.

# ഇടെൻഡർ

**കൊച്ചി:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിവിധ ഓഫീസുകളിൽ അനലിറ്റിക്കൽ ബാലൻസുകൾ വിതരണം ചെയ്യുന്നതിന് പരിചയസമ്പന്നരായ ഏജൻസികളിൽ നിന്ന് ഇടെൻഡർ (ടെൻഡർ ഐഡി:2025ബഗടജഇ ആബ802294ബ1) ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.etender.kerala.gov.in സന്ദർശിക്കുക.

# യു.പി സ്കൂൾ ടീച്ചർ അഭിമുഖം

എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യു.പി സ്കൂൾ ടീച്ചർ (മലയാളം മീഡിയം) ബൈ ട്രാൻസ്ഫർ (കാറ്റഗറി നം.140/2024) തസ്തികയുടെ തെരഞ്ഞെടുപ്പിനായുള്ള ഇന്റർവ്യൂ ഒക്ടോബർ 8, 9 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം മേഖലാ ഓഫീസിൽ നടത്തുന്നതാണ്.

രാവിലെ 09.30 ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷൻ അതത് ദിവസം രാവിലെ 07.30 നും, ഉച്ചക്ക് 12 ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷൻ അതത് ദിവസം രാവിലെ 09.30 നും നടക്കും.

അസൽ പ്രമാണങ്ങൾ, ഒ ടി വി സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ്, ബയോ ഡാറ്റ എന്നിവ സഹിതം കൃത്യസമയത്ത് ബന്ധപ്പെട്ട ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

# പിറവം ജലോത്സവം കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമാണെന്ന് മന്ത്രി കെ രാജൻ

**കൊച്ചി:** പിറവം ജലോത്സവം കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമാണെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ പറഞ്ഞു. അഞ്ചാമത് ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിറവം മൂവാറ്റുപുഴ ആറിൽ സംഘടിപ്പിച്ച വള്ളംകളി മത്സരം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു റവന്യൂ മന്ത്രി.

മൂവാറ്റുപുഴയാറിന്റെ ഒഴുക്കിനെതിരെയാണ് പിറവം ജലോത്സവത്തിൽ പങ്കെടുക്കുന്ന വള്ളങ്ങൾ തുഴഞ്ഞു കയറുന്നത്. ഒഴുക്കിനെതിരെ തുഴയുന്ന കേരളത്തിലെ ഒരേയൊരു വള്ളംകളിയും ഇതായിരിക്കും. പിറവം വള്ളംകളിയെ ലോക ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്താനുള്ള എല്ലാ പിന്തുണയും സർക്കാർ നൽകും അദ്ദേഹം പറഞ്ഞു. അനൂപ് ജേക്കബ് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക മുഖ്യ പ്രഭാഷണം നടത്തി.

വള്ളംകളിയുടെ ഫ്ലാഗ് ഓഫ് നഗരസഭ ഡെപ്യൂട്ടി ചെയർമാൻ കെ പി സലീമും, ഇരുട്ടുകുത്തി വള്ളങ്ങളുടെ തുഴ കൈമാറൽ സിനിമ താരം ലാലു അലക്സും നിർവഹിച്ചു.

നഗരസഭ ചെയർപേഴ്സൺ അഡ്വ. ജൂലി സാബു, മുൻ എം എൽ എ എം ജെ ജേക്കബ്, സംസ്ഥാന ഭക്ഷ്യ കമ്മിഷൻ അംഗം അഡ്വ. കെ എൻ സുഗതൻ, ഖാദി ബോർഡ് മെമ്പർ കെ ചന്ദ്രശേഖരൻ, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആശാ സനിൽ, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ കെ വി അനിത, എൽദോ ടോം പോൾ, വിനോദസഞ്ചാര വകുപ്പ് ജോയിന്റ് ഡയറക്ടർ ടി ജി അഭിലാഷ് കുമാർ, വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. കെ എ എസ് അൻസാർ, ജില്ലാ വിനോദസഞ്ചാര വകുപ്പ് ജോയിന്റ് ഡയറക്ടർ പി ഐ സുബൈർ കുട്ടി, ജില്ലാ വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജി ശ്രീകുമാർ, ടൂറിസം ഇൻഫർമേഷൻ ഓഫീസർ എൻ എച്ച് നിസാർ, ടൂറിസം ഇൻഫർമേഷൻ ഓഫീസർ പി എസ് ഗിരീഷ്, അസിസ്റ്റന്റ് ടൂറിസം ഇൻഫർമേഷൻ ഓഫീസർ കെ ജസ്ന മോൾ, സി.ബി.എൽ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളായ പി പി ചിത്തരഞ്ജൻ എം എൽ എ, ആർ കെ കുറുപ്പ്, കെ കെ ഷാജു, സി കെ സദാശിവൻ, എസ് എം ഇക്ബാൽ, നഗരസഭാ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജൂബി പൗലോസ്, നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജിൽസ് പെരിയപ്പുറം, നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി ഏലിയാസ്, നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബിമൽ ചന്ദ്രൻ, നഗരസഭ വിദ്യാഭ്യാസ കലാ കായിക സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വത്സല വർഗീസ്, വാർഡ് കൗൺസിലർമാർ, നഗരസഭ സെക്രട്ടറി വി പ്രകാശ് കുമാർ, പിറവം മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റ് ബാബു പാണക്കാട്ട് നഗരസഭ മുൻ ചെയർമാൻ സാബു കെ ജേക്കബ്, പിറവം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സി കെ പ്രകാശ്, വിവിധ കക്ഷി രാഷ്ട്രീയ പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി.

# ലെവൽ ക്രോസുകൾ ഇല്ലാത്ത കേരളം സർക്കാർ ലക്ഷ്യമെന്ന് മന്ത്രി റിയാസ്

**കൊച്ചി:** ലെവൽ ക്രോസുകൾ ഇല്ലാത്ത കേരളം എന്നത് സർക്കാരിന്റെ ലക്ഷ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്. ആലുവ നിയോജകമണ്ഡലത്തിലെ പുറയാർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

തടസമില്ലാത്ത റോഡുകളാണ് എല്ലാവരും ആഗ്രഹിക്കുന്നത്. എന്നാൽ കേരളത്തിൽ നിലനിൽക്കുന്ന പ്രധാന തടസമാണ് റെയിൽവേ ലെവൽ ക്രോസുകൾ. സംസ്ഥാന സർക്കാരിൻറെ നേതൃത്വത്തിൽ കിഫ്ബിയുടെ സഹായത്തോടെ കുറഞ്ഞത് 99 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 23 എണ്ണത്തിൽ കേന്ദ്ര സർക്കാരിന്റെ കൂടി പങ്കാളിത്തമുണ്ടാകും.

കാഞ്ഞങ്ങാട്, കൊടുവള്ളി, ഫറോക്ക്, തിരൂർ, ഗുരുവായൂർ, ചിറങ്ങര, മുളന്തുരുത്തി, കാരിത്താസ്, മാളിയേക്കൽ എന്നിവിടങ്ങളിലായി ഒൻപത് മേൽപ്പാലങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം മേൽപാലം പൂർത്തീകരിച്ചത് സർവകാല റെക്കോർഡാണ്.

ഏഴ് റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലാണ്. അതിലേക്ക് പുറയാർ റെയിൽവേ മേൽപ്പാലം കൂടി ചേർക്കുകയാണ്. 53.71 കോടി രൂപ ചെലവഴിച്ചാണ് നിർമ്മാണം. രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്ന് നേരിട്ട് പരിശോധിക്കും. ബജറ്റിന് പുറമേ പശ്ചാത്തല വികസനത്തിനും മറ്റുമുള്ള തുക കിഫ്ബിയിലൂടെ കണ്ടെത്താൻ കഴിയുന്നുണ്ട്. കിഫ്ബി ഏറ്റവും അധികം ഫണ്ട് അനുവദിച്ച വകുപ്പുകളിൽ ഒന്നാണ് പൊതുമരാമത്ത് വകുപ്പ്. 136 റോഡുകളും 27 പാലങ്ങളും ഉൾപ്പെടെ 163 പദ്ധതികളാണ് കിഫ്ബിയുടെ സഹായത്തോടെ പൂർത്തിയാക്കിയത്. 6616.13 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്. നിലവിൽ 8308.8 കോടി രൂപയുടെ 160 പദ്ധതികളാണ് പുരോഗമിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിന്റേതായി 30,000 കിലോമീറ്റർ റോഡുകളാണ് കേരളത്തിലുള്ളത്. 2021ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ അഞ്ച് വർഷത്തിനിടെ 50 ശതമാനം റോഡുകൾ ബി.എം.ബി.സി. നിലവാരത്തിലേക്ക് ഉയർത്താനും നൂറു പാലങ്ങൾ നിർമ്മിക്കാനുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നാല് വർഷം കൊണ്ട് ഈ ലക്ഷ്യങ്ങൾ മറികടക്കാൻ കഴിഞ്ഞുവെന്നും മന്ത്രി വ്യക്തമാക്കി.

നിർദിഷ്ട പുറയാർ റെയിൽവേ മേൽപ്പാലത്തിന് സമീപം സംഘടിപ്പിച്ച ചടങ്ങിൽ അൻവർ സാദത്ത് എം.എൽ.എ അധ്യക്ഷനായി. ബെന്നി ബഹനാൻ എം.പി മുഖ്യാതിഥിയായി. പി.എച്ച്.ഡി നേടിയ ദേശം സ്വദേശി ഡോ. വി എം ലാഗേഷിനെ മന്ത്രി ആദരിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി പ്രതീഷ്, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജയ മുരളീധരൻ, ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.എം ഷംസുദ്ദീൻ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിയ രഘു, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എം.ജെ ജോമി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് സി.എസ് അസീസ്, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, സ്ഥിരം സമിതി അധ്യക്ഷർ, രാഷ്ട്രീയപാർട്ടി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# വലിയ മാറ്റങ്ങൾക്ക് ഏലൂർ സാക്ഷ്യം വഹിച്ചു : മന്ത്രി പി. രാജീവ്

**കൊച്ചി:** കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വലിയ മാറ്റങ്ങൾക്ക് ഏലൂർ സാക്ഷ്യം വഹിച്ചുവെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്.ഏലൂർ മുൻസിപ്പൽ ടൗൺ ഹാളിൽ വികസന സദസ്സ് ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഏലൂരിൽ വന്ന മാറ്റങ്ങൾ നമ്മൾ ഓരോരുത്തരുടെയും കൺമുന്നിൽ തന്നെയുണ്ട്. എല്ലാ അങ്കണവാടികളും സ്മാർട്ട് നിലവാരത്തിലേക്ക് ഉയർന്നു. സ്കൂളുകളിൽ മികച്ച അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു. ആരോഗ്യ മേഖലയിലും വലിയ മാറ്റമാണ് ഉണ്ടായത്. ഒപ്പം പദ്ധതിയുടെ ഭാഗമായി ഏലൂരിൽ നിരവധി രോഗികൾക്ക് ചികിത്സ ഉറപ്പാക്കി, അത്യപൂർവ്വ ശസ്ത്രക്രിയ നടത്തി. ശുചിത്വ മാലിന്യ സംസ്കരണ രംഗത്തും ഏലൂർ നഗരസഭ മുന്നിലാണ്. മികച്ച ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനത്തിന് സംസ്ഥാനതല അംഗീകാരവും ഏലൂരിന് നേടാൻ സാധിച്ചുവെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ നഗരസഭ ചെയർമാൻ എ.ഡി സുജിൽ അധ്യക്ഷനായി. ജില്ലാ കളക്ടർ ജി പ്രിയങ്ക,തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ വിധു എം മേനോൻ, വൈസ് ചെയർപേഴ്സൺ ജയശ്രീ സതീഷ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ടി.എം ഷെനിൻ, വി.എ ജെസ്സി, പി.എ ഷെറീഫ് , നിസ്സി സാബു, കെ.എ.മാഹിൻ , അംബിക ചന്ദ്രൻ, പി.ബി രാജേഷ്, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർ ടി എം റജീന, നവകേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്.രഞ്ജിനി, ശുചിത്വമിഷൻ ജില്ലാ കോ ഓഡിനേറ്റർ ശീതൾ ജി മോഹൻ, ഏലൂർ നഗരസഭ സെക്രട്ടറി സുജിത്ത് കരുൺ, കൗൺസിലർമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



രക്തദാന വാരാചരണത്തിന്റെ ഭാഗമായി ഐ.എം.എ കൊച്ചി ബ്ലഡ്ബാങ്കിൽ രക്തദാനം നടത്തുന്ന എറണാകുളം ജില്ലാ കളക്ടർ ജി.പ്രിയങ്കയും, ഭർത്താവ് നിതീഷ് സിൻഹയും. ഡോ.രമ മേനോൻ, ഡോ.എം.ഐ.ജുനൈദ് റഹ്മാൻ, ഡോ.അതുൽ ജോസഫ് മാനുവൽ എന്നിവർ സമീപം.

# രക്തദാനം ചെയ്ത് മാതൃകയായി എറണാകുളം ജില്ലാ കളക്ടർ

**കൊച്ചി:** രക്തദാന വാരാചരണത്തിന്റെ ഭാഗമായി കുടുംബ സമേതം രക്തം ദാനം ചെയ്ത് മാതൃകയായി എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്കയും ഭർത്താവ് നിതീഷ് സിൻഹയും. ഇന്നലെ രാവിലെ വാരിയം റോഡിലുള്ള ഐ.എം.എ ബ്ലഡ് ബാങ്കിൽ നേരിട്ടെത്തിയാണ് കളക്ടറും ഭർത്താവും രക്തദാനം നടത്തിയത്. ബ്ലഡ് ബാങ്കിൽ സെക്രട്ടറി ഡോ. എം.ഐ. ജുനൈദ് റഹ്മാൻ, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, മെഡിക്കൽ ഓഫീസർ ഡോ. രമ മേനോൻ, ഐ.എം.എ മുൻ പ്രസിഡന്റ് ഡോ. എം.എം.ഹനീഷ് എന്നിവർ ചേർന്ന് കളക്ടറെ സ്വീകരിച്ചു. രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനും സ്വമേധയ രക്തം ദാനം ചെയ്യുന്നവരെ ആദരിക്കുന്നതിനുമായി ഒക്ടോബർ മാസം ആദ്യ വാരം ദേശീയ രക്തദാന വാരമായി ആചരിച്ചുവരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രക്തദാനം ചെയ്യുന്നതായും ഇന്ന് (06.10.2025) ഐ.എം.എ ഹൗസിൽ നടക്കുന്ന രക്തദാന വാരാചരണത്തിൽ കൊച്ചിയിലെ രക്തദാതാക്കളുടെ ഗ്രൂപ്പിൽ അംഗത്വം എടുക്കുമെന്നും കളക്ടർ പറഞ്ഞു.

# വിഷൻ 2031 രജിസ്ട്രേഷൻ വകുപ്പ് സെമിനാർ 14ന് ചെറായി സഹകരണ നിലയത്തിൽ

**കൊച്ചി:** വിഷൻ 2031 പദ്ധതിയുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന തല സെമിനാർ ഒക്ടോബർ 14ന് ചെറായി സഹകരണ നിലയത്തിൽ നടക്കുമെന്ന് കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടന്ന സംഘാടകസമിതി രൂപീകരണ യോഗത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു ഉണ്ണികൃഷ്ണൻ.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വലിയ തോതിലുള്ള പ്രവർത്തനങ്ങളാണ് രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയത്. വകുപ്പ് കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കുന്നതിനോടൊപ്പം

പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനായി ചെയ്യേണ്ട മാർഗങ്ങളെക്കുറിച്ചും സെമിനാറിൽ ചർച്ച ചെയ്യും. നൂതന ആശയങ്ങൾ രൂപീകരിക്കുന്നതിനുള്ള വേദിയായി സെമിനാർ മാറുമെന്നും ഉണ്ണികൃഷ്ണൻ പറഞ്ഞു.

യോഗത്തിൽ രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ കെ. മീര അധ്യക്ഷയായി. കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ അധ്യക്ഷനായ സംഘാടക സമിതിയും ഏഴ് സബ് കമ്മിറ്റികളും രൂപീകരിച്ചു. ജില്ലാ രജിസ്ട്രാർ ജനറൽ കെ. ശ്രീനിവാസനാണ് ജനറൽ കൺവീനർ.

സ്വാഗതസംഘം അധ്യക്ഷയായി വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് തുളസി സോമനെയും പ്രോഗ്രാം കമ്മിറ്റി അധ്യക്ഷയായി ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനലിനെയും തിരഞ്ഞെടുത്തു. കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എസ് നിബിൻ (രജിസ്ട്രേഷൻ), ഞാറക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി രാജു (ഭക്ഷണം), വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എ സാജിത്ത് (ട്രാൻസ്പോർട്ടേഷൻ), വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ കെ.ഇ ജയൻ (വൊളന്റിയർ), മുളവുകാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് അക്ബർ (പ്രചാരണം) എന്നിവരാണ് മറ്റ് സബ് കമ്മിറ്റികളുടെ അധ്യക്ഷർ.

സംസ്ഥാനത്തെ മുഴുവൻ ഭാഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെ പങ്കെടുപ്പിക്കാനാണ് സംഘാടക സമിതി ലക്ഷ്യമിടുന്നത്. വകുപ്പ് ജീവനക്കാർക്ക് പുറമേ വെണ്ടർമാർ, റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ടവർ, ഭൂമി ഇടപാടുകൾ ഉൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട അഭിഭാഷകർ, പൊതുജനങ്ങൾ തുടങ്ങിയവരെ സെമിനാറിന്റെ ഭാഗമാക്കും.

യോഗത്തിൽ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ് നിബിൻ, ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി രാജു, കോൺഗ്രസ് (എസ്) ജില്ലാ പ്രസിഡന്റ് അനിൽ കാഞ്ഞാണി, രജിസ്ട്രേഷൻ വകുപ്പ് ജോയിന്റ് ഇൻസ്പെക്ടർ ജനറൽ സാജൻ കുമാർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ കെ.സി മധു തുടങ്ങിയവർ സംസാരിച്ചു

# പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക ലക്ഷ്യം; ജെ.ചിഞ്ചുറാണി

**കൊച്ചി:** പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്ന് മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. പോഞ്ഞാശ്ശേരി മൂൺലൈറ്റ് കൺവെൻഷൻ സെന്ററിൽ ജില്ലാ ക്ഷീരസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാ ജില്ലകളിലും ആയിരക്കണക്കിന് ക്ഷീര കർഷകർ പങ്കെടുക്കുന്ന ജില്ലാ തല മേളകളാണ് നടക്കുന്നത്. പാലുൽപാദന രംഗത്ത് കേരളം മുന്നോട്ട് കുതിക്കുകയാണ്. ഉൽപാദന ക്ഷമതയിൽ കേരളം രണ്ടാം സ്ഥാനത്ത് എത്തി നിൽക്കുന്നു. ഒന്നാം സ്ഥാനത്ത് എന്തുകൊണ്ട് എത്തുന്നില്ല എന്ന തരത്തിലേക്കുള്ള നല്ല ചർച്ചകൾ വരണം.10.77 ലിറ്റർ പാലാണ് ശരാശരി ഒരു പശുവിൽ നിന്നും നമുക്ക് ലഭിക്കുന്നത്. നിലവിലുള്ള പശുക്കളിൽ നിന്ന് തന്നെ ഉൽപാദനം കൂട്ടുക എന്ന വലിയ ലക്ഷ്യമാണ് നമ്മുടെ മുന്നിലുള്ളതെന്നും ചിഞ്ചു പറഞ്ഞു.

ക്ഷീര മേഖലയുടെ വികസനത്തിനായി നിരവധി പദ്ധതികൾ സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. പശുക്കളെ വളർത്തുന്നതിനായി കുറഞ്ഞ സബ്സിഡിയിൽ പണം കടം ലഭിക്കുന്ന പദ്ധതികളും പശുക്കൾക്ക് ഇൻഷുറൻസ് എടുക്കാൻ കഴിയുന്ന പദ്ധതികളും നിലവിലുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിൽ വെറ്ററിനറി ആംബുലൻസുകൾ ഉണ്ട്. 1962 എന്ന നമ്പറിൽ വിളിച്ചാൽ ഡോക്ടറുടെയും അറ്റന്ററുടെയും സേവനം വീട്ടുമുറ്റത്ത് എത്തും. ആവശ്യമുള്ള മരുന്നുകൾ കൂടി ഈ വാഹനങ്ങളിൽ കരുതാൻ ഉള്ള നിർദ്ദേശവും നൽകിയിട്ടുണ്ടെന്ന് ചിഞ്ചു പറഞ്ഞു.ചടങ്ങിൽ മികച്ച ക്ഷീരകർഷകരെ ആദരിച്ചു. മികച്ച ക്ഷീര കർഷകയായി ആനി എബിയും മികച്ച ക്ഷീര കർഷകനായി ജിനിൽ മാത്യുവും തിരഞ്ഞെടുക്കപ്പെട്ടു. മികച്ച പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗം ക്ഷീര കർഷകക്കുള്ള പുരസ്കാരം ഷിനിബ റോയ് സ്വന്തമാക്കി. മോനു വർഗീസ് മികച്ച യുവ ക്ഷീര കർഷകനായും അഫ്സ സലിം മികച്ച യുവ ക്ഷീര കർഷകയായും തിരഞ്ഞെടുക്കപ്പെട്ടു.

# അഖിലേന്ത്യാ ട്രേഡ്ടെസ്റ്റിൽ കേരളത്തിന്റെവിജയം അഭിമാനകരമെന്ന് ശിവൻകുട്ടി

**തിരുവനന്തപുരം:**2025 ജൂലൈയിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ കേരളത്തിന്റെ വിജയം രാജ്യം മുഴുവൻ അഭിമാനിക്കാൻ കഴിയുന്നതാണെന്ന് തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. തൊഴിലും നൈപുണ്യവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാവസായിക പരിശീലന വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല ഐ ടി ഐ കോൺവോക്കേഷൻ സെറിമണി തിരുവനന്തപുരം പി ഡബ്ല്യു ഡി റസ്റ്റ് ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

93.77 ശതമാനമാണ് വിജയം. ടെസ്റ്റിൽ പങ്കെടുത്ത 27,824 ട്രെയിനികളിൽ 26,092 പേർ വിജയിച്ചു. കേരളത്തിലെ തൊഴിലും നൈപുണ്യവും വിദ്യാഭ്യാസ മേഖലയിലെ പുരോഗതി വിളിച്ചോതുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിലെ ഈ അഭിമാനകരമായ നേട്ടം കൈവരിച്ച വിദ്യാർഥികള അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ വ്യത്യസ്ത ട്രേഡുകളിൽ നിന്നായി 80 ട്രെയിനികളെ നാഷണൽ ടോപ്പേഴ്സ് ആയി തിരഞ്ഞെടുത്ത് ഡിജി.ടി പ്രഖ്യാപിച്ചിരിക്കുന്നു. കേരളം രാജ്യത്താകെ ഏറ്റവും കൂടുതൽ നാഷണൽ ടോപ്പർമാരെ നൽകുന്ന സംസ്ഥാനമാണെന്നത് നമ്മുടെ ശ്രമത്തിന്റെയും പ്രതിബദ്ധതയുടെയും ഫലമാണ്. 26 പേർ മുഴുവൻ മാർക്കും നേടിയത് ഏറെ മാതൃകാപരമാണ്. എല്ലാ വിജയികളെയും അവരുടെ അധ്യാപകരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു.

ഇന്ന് ദേശീയ തലത്തിൽ നടക്കുന്ന കൗശൽ ദീക്ഷാന്ത് സമാരോഹ് പരിപാടിയിൽ പ്രധാനമന്ത്രി സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ച് കേരളത്തിന്റെ പ്രത്യേക അഭിമാനമായി മാറിയ വയനാടിന്റെ അഖിൽ ദേവ് പി.ആർ. നെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ എണ്ണമറ്റ നവീനതകൾ തൊഴിൽ പരിശീലന രംഗത്ത് നടപ്പാക്കപ്പെട്ടിട്ടുണ്ട്. 10 സർക്കാർ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയും, 4 പുതിയ സർക്കാർ ഐ.ടി.ഐകൾ ആരംഭിച്ചും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മൾട്ടിമീഡിയ അനിമേഷൻ, ഇൻഡസ്ട്രിയൽ റോബോട്ടിക്സ്, അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ തുടങ്ങിയ പുതിയ തലമുറ കോഴ്സുകളിലൂടെ നമ്മുടെ യുവതയ്ക്ക് ആധുനിക തൊഴിൽമേഖലയിൽ ഒരുങ്ങാൻ മികച്ച അവസരങ്ങൾ ഒരുക്കുന്നു.

കൂടാതെ, പരിശീലനം പൂർത്തിയാക്കി തൊഴിലിലേക്ക് കടക്കുന്ന യുവാക്കളെ പിന്തുണയ്ക്കാൻ എല്ലാ വർഷവും 14 ജില്ലകളിലുമായി 'സ്പെക്ട്രം ജോബ്ഫെയർ' ആരംഭിച്ച്, രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി അവസരങ്ങൾ ട്രെയിനികൾക്ക് ഒരുക്കിയിട്ടുണ്ട്. ഇന്ത്യയിലേറ്റവും മികച്ച വോക്കേഷണൽ ട്രെയിനിങ്ങും തൊഴിലവസരങ്ങളും ഉറപ്പു വരുത്തുന്നതിൽ നമ്മുടെ സംസ്ഥാനം മുന്നിലാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ഡയറക്ടർ ഓഫ് ട്രെയിനിംഗ് സുഫിയാൻ അഹമ്മദ് സ്വാഗതം ആശംസിച്ച ചടങ്ങിൽ നഗരസഭാ കൗൺസിലർ ജി മാധവദാസ് മുഖ്യാതിഥിയായി. അഡീഷൻ ഡയറക്ടർ ഓഫ് ട്രെയിനിംഗ് വാസുദേവൻ പി, സ്പെഷ്യൽ ഓഫീസർ സ്യൂട്ട് മനേക്ഷ് പ്രസാദ് ഡി, ജോയിന്റ് ഡയറക്ടർ ഓഫ് ഷമ്മി ബേക്കർ എ എന്നിവർ സംബന്ധിച്ചു. ഡപ്യൂട്ടി ഡയറക്ടർ ട്രെയിനിംഗ് ഷൈൻകുമാർ ജി നന്ദി അറിയിച്ചു.

# ജീവിതനിലവാരം മെച്ചപ്പെട്ടെന്ന് മന്ത്രി റോഷി അഗസ്റ്റിൻ

**തൊടുപുഴ:** മികച്ച റോഡുകൾ വന്നതോടെ നാടിനുണ്ടായ മാറ്റം ശ്രദ്ധേയമാണെന്നും ഇതിലൂടെ മെച്ചപ്പെട്ട ജീവിതനിലവാരം സാധ്യമായെന്നും ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. കുരിശുപള്ളി പടിതാന്നിക്കണ്ടംപട്ടാളംപടി റോഡിന്റെ ഉദ്ഘാടനവും തിയേറ്റർപടിതാന്നിക്കണ്ടം റോഡിന്റെ നിർമ്മാണ ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഉദ്ഘാടനം ചെയ്ത കുരിശുപള്ളി പടി താന്നിക്കണ്ടംപട്ടാളംപടി റോഡ് നല്ല നിലയിൽ വികസിപ്പിക്കാൻ സാധിച്ചു. പ്രളയത്തിൽ തകർന്ന റോഡ് പുനർനിർമ്മിക്കാൻ എല്ലാവരും ഒരുമിച്ച് നിന്ന് പ്രവർത്തിച്ചു. റോഡ് മാത്രമല്ല, എല്ലാ മേഖലകളുടെയും തിരിച്ചു വരവിനായി ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെ ഇടപെടലുകൾ നടത്തി ചെറുതും വലുതുമായ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തി. ആധുനിക സൗകര്യങ്ങളോട് കൂടിയുള്ള പുതിയ റോഡുകൾ യാത്രസൗകര്യം മെച്ചപ്പെടുത്തി. ഭൂമിയുടെ വില ഉയർത്താൻ സാധിച്ചുവെന്നും ഈ റോഡുമായി ബന്ധപ്പെട്ടുള്ള ടൂറിസം സാധ്യതകൾ വർധിപ്പിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

താന്നിക്കണ്ടം സിറ്റിയിൽ സംഘടിപ്പിച്ച യോഗത്തിൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി ജേക്കബ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം കെ.ജി സത്യൻ മുഖ്യപ്രഭാഷണം നടത്തി.

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ജനവാസകേന്ദ്രങ്ങളിൽ കൂടി ജില്ലാ ആസ്ഥാനമായ പൈനാവിൽ എത്തി ചേരുന്ന പ്രധാന റോഡാണ് കുരിശുപള്ളിപടി താന്നിക്കണ്ടം പട്ടാളംപടി റോഡ്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി 5 ലക്ഷം രൂപ അനുവദിച്ചാണ് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയത്.

താന്നിക്കണ്ടത്ത് നിന്നും ചെറുതോണി ചേരുന്നതിനുള്ള എളുപ്പമാർഗ്ഗമായ താന്നിക്കണ്ടം തീയേറ്റർപടി റോഡ് സി.എം.എൽ.ആർ.ആർ.പി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ അനുവദിച്ചാണ് നിർമ്മാണം ആരംഭിക്കുന്നത്.

# നൂതന തൊഴിൽ, സ്ഥിരവരുമാനം; കുടുംബശ്രീയുടെ പുതിയ ചുവട്

**പത്തനംതിട്ട:** എല്ലാ കുടുംബത്തിനും ഒരു സ്ഥിര വരുമാനം ഉറപ്പു വരുത്താനായി ജില്ലാ കുടുംബശ്രീ മിഷനും വ്യവസായ വകുപ്പും ചേർന്നു റാന്നി നിയോജക മണ്ഡലത്തിലുള്ള 12 ഗ്രാമപഞ്ചായത്തുകളിലായി തൊഴിൽ നൈപുണ്യ പദ്ധതി ഷീ റൈസിനു തുടക്കമിടുന്നു. ജില്ലാ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ വിവിധങ്ങളായ ആറു കോഴ്സുകളിലേക്കു പ്രവേശനം നൽകി പരിശീലന പരിപാടി ഉടൻ സംഘടിപ്പിക്കും.

കുടുംബശ്രീ അംഗങ്ങൾ, കുടുംബശ്രീ കുടുംബാംഗങ്ങൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്ക് പദ്ധതിയിൽ ഗുണഭോക്താക്കളാകാം. വിവിധ പരിശീലനങ്ങൾക്ക് കേന്ദ്ര സർക്കാർ അംഗീകൃതമായ എൻഎസ്ക്യുഎഫ്എൽ സർട്ടിഫിക്കറ്റാണ് ലഭിക്കുന്നത്.

അസിസ്റ്റൻറ് ഡ്രസ് മേക്കർ (ടെയ്ലറിംഗ്), ഹെൽത്ത് കെയർ അസിസ്റ്റൻറ്, ഡാറ്റാ അനലിസ്റ്റ്, സൈബർ സെക്യൂരിറ്റി, ഫ്രണ്ട് ഓഫീസ് അസിസ്റ്റൻറ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ , മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ് എന്നീ കോഴ്സുകളാണുള്ളത്. ഇതിൽ ടെയ്ലറിംഗ് കോഴ്സുകൾ എട്ടിന് എല്ലാ പഞ്ചായത്തുകളിലും ക്രമീകരിച്ചിരിക്കുന്ന സെൻററുകളിൽ ആരംഭിക്കും. പ്രമോദ് നാരായൺ എംഎൽഎയുടെ നേതൃത്വത്തിലാണ് റാന്നി നിയോജക മണ്ഡലത്തിൽ പദ്ധതിക്കു തുടക്കം കുറിച്ചിരിക്കുന്നത്.

ജില്ലാ കുടുംബശ്രീ മിഷൻ ആരംഭിക്കുന്ന മറ്റൊരു നൂതന പദ്ധതിയാണ് സേവനശ്രീ. വിവിധ മേഖലകളിൽ തൊഴിൽ പ്രാവീണ്യം ഉള്ളവരെയും തൊഴിൽ താത്പര്യം ഉള്ളവരെയും കൂട്ടി യോജിപ്പിച്ചു തങ്ങളുടെ പ്രദേശത്തുതന്നെ തൊഴിൽ കൂട്ടായ്മ രൂപീകരിക്കും.

തദ്ദേശ പ്രദേശത്തു സിഡിഎസ് ഭരണ സമിതിയും ബ്ലോക്ക് തലത്തിൽ എംഇആർസിയുമാണ് പദ്ധതിയുടെ ഏകോപനവും നടത്തിപ്പും ചെയ്യുന്നത്. ബ്ലോക്ക് തലത്തിൽ ആരംഭിച്ചിട്ടുള്ള എംഇആർസികളിൽ തയാറാക്കുന്ന കാൾ സെൻററുകളിലേക്ക് ബന്ധപ്പെട്ട് ഉപഭോക്താവിന് ആവശ്യമുള്ള സർവീസ് ബുക്ക് ചെയ്യാവുന്നതും ഏത് സിഡിഎസ് പരിധിയിലാണോ സർവീസ് വേണ്ടത് അവിടെ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിലാളിയെ ഉപഭോക്താവുമായി കണക്ട് ചെയ്തു കൊടുക്കുകയുമാണ് ചെയ്യുന്നത്.

ആദ്യഘട്ടത്തിൽ ഹോം കെയർ ആൻഡ് ഗൈനക് കെയർ, ഹൗസ് കീപ്പിംഗ് ആൻഡ് കുക്കിംഗ് സർവീസ് എന്നിവയാണ് തുടങ്ങുന്നത്. അതോടൊപ്പം സർവീസ് ടെക്നീഷൻ, ഇലക്ട്രിക്കൽ ആൻഡ് പ്ലമ്പിംഗ്, മൊബൈൽ ഫോൺ സർവീസ് തൊഴിലിനു താത്പര്യമുള്ളവരെ കണ്ടെത്തി പരിശീലനങ്ങൾ ആരംഭിക്കാനും ജില്ലാ മിഷൻ തീരുമാനിച്ചിട്ടുണ്ട്.

ലോൺഡ്രി ആൻഡ് അയണിംഗ്, മൊബൈൽ കാർ വാഷ് ആൻഡ് ഹൗസ് ക്ലീനിംഗ്, പർച്ചേസ് ആൻഡ് പേയ്മെൻറ് അസിസ്റ്റൻസ്, ഗാർഡനിംഗ്, അഗ്രിക്കൾച്ചർ വർക്കേഴ്സ്, ഇവൻറ് മാനേജ്മെൻറ് എന്നിവയാണ് മറ്റ് തൊഴിൽ മേഖലകൾ.

# ജില്ലാ സഹകരണ ആശുപത്രി വികസനത്തിനു 41 കോടി

**തൃശൂർ:** ജില്ലാ സഹകരണ ആശുപത്രിയിലെ സ്ഥലപരിമിതിക്കു പരിഹാരമായി സമീപപ്രദേശത്തു പുതിയ സ്ഥലവും കെട്ടിടവും വാങ്ങാൻ 39ാം വാർഷിക പൊതുയോഗത്തിൽ തീരുമാനമായി. ആശുപത്രി ഫണ്ടിൽനിന്ന് 15 കോടി രൂപ ചെലവഴിച്ചാണു സ്ഥലം വാങ്ങുക.

നിലവിലുള്ള കെട്ടിട നവീകരണം, ആധുനിക മെഷിനറികളും ഉപകരണങ്ങളും, പുതിയ പാരാമെഡിക്കൽ കോഴ്സുകൾ, പാർക്കിംഗ് ലിഫ്റ്റ് ഉൾപ്പടെയുള്ള വികസനപ്രവർത്തനങ്ങൾക്കായി 41 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ബജറ്റ് പൊതുയോഗം അംഗീകരിച്ചു.

പി.എം. തോമസ് ഉദ്ഘാടനം ചെയ്തു. ആശുപത്രി പ്രസിഡന്റ് ടി.കെ. പൊറിഞ്ചു അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.എസ്. സന, കേരള ബാങ്ക് വൈസ് പ്രസിഡന്റ് എം.കെ. കണ്ണൻ, മുൻ ഡയറക്ടർ അഡ്വ. ടി. ഗോപകുമാർ, ആശുപത്രി വൈസ് പ്രസിഡന്റ് ഇ. സത്യഭാമ, ഡയറക്ടർമാരായ പി.ബി. മൊയ്തു, കെ. വർഗീസ് ജോൺ, കെ.എസ്. ജോൺസൻ, സി.കെ. വിനോദ്, എ.ആർ. രാമചന്ദ്രൻ, ജോൺസൻ ആലപ്പാട്ട്, എ.പി. ജോസ് മാസ്റ്റർ, പി.എം. ശരത് കുമാർ, ജേക്കബ് പോൾ തട്ടിൽ, വി.ആർ. സതി, എം.ടി. മേരി, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. രാമദാസ് എന്നിവർ പ്രസംഗിച്ചു.

# സൃഷ്ടി 2025; സംസ്ഥാനതല ഹാക്കത്തൺ: തൃശൂർ അൻസാർ ഇംഗ്ലീഷ് സ്കൂൾ ജേതാക്കൾ



**കൊച്ചി:** കുട്ടികളിലെ സർഗാത്മകതയും പ്രശ്ന പരിഹാര മികവും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സൃഷ്ടി 2025 സംസ്ഥാന തല ഹാക്കത്തണിൽ അടുത്ത തലമുറ റോബോട്ടിക്സ് മാതൃക അവതരിപ്പിച്ച തൃശൂർ അൻസാർ ഇംഗ്ലീഷ് സ്കൂളിൽ നിന്നുള്ള നാമിർ നിഷാദ്, കെ എ ഷാമിൽ , മുഹമ്മദ് ഷെഹ്സാൻ എന്നിവരടങ്ങുന്ന സംഘം ഹാക്കത്തണിൽ ഒന്നാം സ്ഥാനം നേടി. എ.വി.എസ് ജി.എച്ച്.എസ്.എസിലെ വിദ്യാർത്ഥി സംഘം രണ്ടാം സ്ഥാനവും കൊല്ലം ഐശ്വര്യ പബ്ലിക് സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥി സംഘം മൂന്നാം സ്ഥാനവും നേടി. കൊച്ചി അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടന്ന ഗ്രാന്റ് ഫിനാലെ കെഎസ്ഇആർസി ചെയർമാനും മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ടി. കെ ജോസ് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ഷിപ്പ്യാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ എസ്. അനീഷ്,

മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി, അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സ് ഡീൻ പ്രൊഫ. യു. കൃഷ്ണകുമാർ, സമഗ്ര ശിക്ഷ കേരള സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ബി. ഷാജി എന്നിവർക്കൊപ്പം അടൽ ഇന്നൊവേഷൻ മിഷൻ ഇന്നൊവേഷൻ പ്രതിനിധികളും ഐഇഇഇ കേരള പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. അടൽ ഇന്നവേഷൻ മിഷൻ, സമഗ്ര ശിക്ഷ കേരള, ഐഇഇഇ എന്നിവരുടെ സഹകരണത്തോടെയാണ് അമൃത വിശ്വ വിദ്യാപീഠം ഹാക്കത്തൺ സംഘടിപ്പിച്ചത്. കേരളത്തിൽ ആദ്യമായി സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഹാക്കത്തണിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രാഥമിക ഘട്ടത്തിൽ മത്സരിച്ച 2320 പേരിൽ നിന്ന് മികവ് തെളിയിച്ച 43 വിദ്യാർത്ഥികളാണ് കൊച്ചി അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടന്ന ഫൈനലിൽ മത്സരിച്ചത്. ഇതിൽ മൂന്നിലൊന്ന് വിദ്യാർത്ഥികളും സർക്കാർ സ്കൂളുകളിൽ നിന്നാണെന്നതും ശ്രദ്ധേയമാണ്. ഫൈനൽ വേദിയിൽ വെച്ച് നൽകുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് തത്സമയം പ്രശ്നപരിഹാരം കണ്ടെത്തുന്ന മേക്കത്തോൺ മാതൃകയിലാണ് സൃഷ്ടി 2025 വിദ്യാർത്ഥികൾക്കായി മത്സരം സംഘടിപ്പിച്ചത്.



# ക്ലീൻഅപ്പ് ഡ്രൈവും അവബോധ സൈക്കിൾ റാലിയും നടത്തി

**കൊച്ചി:** എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജും കൊച്ചി മുനിസിപ്പൽ കോർപറേഷനും ചേർന്ന് സംഘടിപ്പിച്ച മെഗാ ക്ലീൻഅപ്പ് ഡ്രൈവും അവബോധ സൈക്കിൾ റാലിയും എറണാകുളം വഞ്ചി സ്ക്വയറിൽ നിന്ന് ടി. ജെ. വിനോദ് എം.എൽ.എ ഫ് ളാഗ് ഓഫ് ചെയ്തു. സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ അരുൺ ബി. മാലിന്യമുക്ത സമൂഹനിർമാണത്തിന് വേണ്ടിയുള്ള പ്രതിജ്ഞ വായിച്ചു. തുടർന്ന് വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപക അംഗങ്ങളും ചേർന്ന് എറണാകുളം ബാനർജി റോഡ് ശുചീകരിച്ചു.കൊച്ചി കോർപറേഷൻ കൗൺസിലർ സെന്റ് ആൽബർട്ട്സ് കോളേജ് ചെയർമാൻ ഡോ. ആന്റണി തോപ്പിൽ, പ്രിൻസിപ്പാൾ പ്രൊഫ. ഡോ. ജോസഫ് ജസ്റ്റിൻ റിബല്ലോ, റെജിസ്ട്രാർ ഫാ. ഷൈൻ പോളി കളത്തിൽ, കൗൺസിലർ മനു ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

# എയ്കസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്ത് ഒരു സിംഗിൾ സ്പെഷ്യൽ ഇക്കണോമിക് സോണിൽ പ്രവർത്തിക്കുന്ന, എയ്റോസ്പേസ്, ഉപയോക്തൃ വിഭാഗങ്ങളിൽ സമ്പൂർണ സംയോജിത ഉൽപ്പാദന ശേഷി വാഗ്ദാനം ചെയ്യുന്ന ഏക പ്രിസിഷൻ ഘടക നിർമ്മാതാക്കളായ എയ്കസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പുതുക്കിയ പ്രാഥമിക രേഖ (യുഡിആർഎച്ച്പി1) സമർപ്പിച്ചു. പത്ത് രൂപ മുഖവിലയുള്ള 720 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 31,772,368 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബെലഗാവി മാനുഫാക്ചറിങ് ക്ലസ്റ്ററിൽ 2009 ലാണ് കമ്പനി എയ്റോസ്പേസ് ഉപയോക്താക്കൾക്കായി എയ്റോസ്ട്രക്ചർ ഘടകങ്ങളുടെയും എയ്റോഎഞ്ചിൻ ഘടകങ്ങളുടെയും നിർമ്മാണം ആരംഭിച്ചത്. നിലവിൽ എയർബസ്, ബോയിംഗ്, ബോംബാർഡിയർ, കോളിൻസ് എയ്റോസ്പേസ്, സ്പിരിറ്റ് എയ്റോ സിസ്റ്റംസ് എന്നിവയുൾപ്പെടെയുള്ള കമ്പനികൾക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നുണ്ട്.

# വിരുപക്ഷ ഓർഗാനിക്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സജീവ ഔഷധ ചേരുവകളുടെയും (എപിഐ) ഇന്റർ മീഡിയറ്റുകളുടെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ വികസന (ആർ ആന്റ് ഡി) അധിഷ്ഠിത ഇന്ത്യൻ ഔഷധ കമ്പനിയായ വിരുപക്ഷ ഓർഗാനിക്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.ഹൈദരാബാദ് ആസ്ഥാനമായുള്ള കമ്പനി 740 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 148 കോടി രൂപയുടെ പ്രീ ഐപിഒ പ്ലേസ്മെന്റും കമ്പനിയുടെ പരിഗണനയിലുണ്ട്.

ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഡോ. റോജിത് കെ. ബാലകൃഷ്ണൻ റോയൽ കോളേജിന്റെ അന്താരാഷ്ട്ര ഉപദേഷ്ടാവ്

**കോഴിക്കോട്:** കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. റോജിത് കെ. ബാലകൃഷ്ണനെ, ഇന്ത്യയുടെ അന്താരാഷ്ട്ര ഉപദേഷ്ടാവായി ഗ്ലാസ്ഗോ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ആൻഡ് സർജൻസ് നിയമിച്ചു. കോളേജിന്റെ ഇന്റർനാഷണൽ ഡയറക്ടറും വൈസ് പ്രസിഡന്റുമായ ജോൺ സ്കോട്ട് എഫ്ആർസിഎസ് നിയമനം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. മൂന്ന് വർഷത്തെക്കാണ് നിയമനം. പ്രൊഫക്ഷണൽ പരിശീലനം, നെറ്റ്വർക്കിംഗ്, ആഗോള അവസരങ്ങൾ എന്നിവയ്ക്ക് , റോയൽ കോളേജ് വലിയ പിന്തുണ നൽകുന്നുണ്ട്.

അക്കാദമിക് ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയിലെ യുവ ഡോക്ടർമാർക്ക് ലോകോത്തര പരിശീലനവും, അന്താരാഷ്ട്ര തലത്തിൽ കരിയർ അവസരങ്ങളും ഒരുക്കുന്നതിന് ഈ ചുമതല അവസരം നൽകുമെന്ന് ഡോ. റോജിത് പറഞ്ഞു. അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യ, കേരള ചാപ്റ്ററിന്റെ നിലവിലെ ജോയിന്റ് സെക്രട്ടറിയാണ് ഡോ. റോജിത്ത്. അമേരിക്കൻ കോളേജ് ഓഫ് ഫിസിഷ്യൻസിന്റെ ഫെലോ കൂടിയാണ് അദ്ദേഹം.



# ഗ്രോമാക്സ് അഗ്രിയുടെ എട്ട് പുതിയ ട്രാക്ടറുകൾ ഇറങ്ങി

**കൊച്ചി:** മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡിന്റേയും ഗുജറാത്ത് സർക്കാരിന്റേയും സംയുക്ത സംരംഭമായ ഗ്രോമാക്സ് അഗ്രി എകിപ്പ്മെന്റ് ലിമിറ്റഡ് ടു വിൽ, ഫോർ വീൽ വിഭാഗങ്ങളിലായി എട്ട് പുതിയ ട്രാക്ടറുകൾ അവതരിപ്പിച്ചു. 50 എച്ച്.പി.യിൽ താഴെ വരുന്ന ഇന്ത്യയിലെ ആദ്യ ഫാക്ടറി ഫിറ്റഡ് ക്യാബിൻ ട്രാക്ടർ ഉൾപ്പടെയാണിത്. ശക്തവും ഇന്ധന ക്ഷമവുമായ ഡീസൽ എഞ്ചിനുകളും ലോകോത്തര ഗിയർ ബോക്സ് സാങ്കേതിക വിദ്യയും ഉപയോഗിച്ച് വികസിപ്പിച്ചവയാണ് ഗ്രോമാക്സ് ട്രാക്ടറുകൾ. തോട്ടം കൃഷി, കവുങ്ങ് കൃഷി, ഇടവിള കൃഷി, നിലം ഉഴുതു മറിക്കൽ, വലിക്കൽ തുടങ്ങിയ വൈവിധ്യമാർന്ന കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ട്രാക്സ്റ്റർ കവച് സീരീസിന് കീഴിൽ അവതരിപ്പിച്ച സബ് 50 എച്ച്.പി. ക്യാബിൻ ട്രാക്ടർ കാലാവസ്ഥക്കതീതമായി കർഷകർക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ പ്രവർത്തനമാണ് ഒരുക്കുക. ആദ്യ ഘട്ടത്തിൽ നോൺ എസി മോഡലാണ് പുറത്തിറക്കിയിട്ടുള്ളത്. എയർ കണ്ടീഷൻ ചെയ്ത മോഡലുകൾ അടുത്ത ഘട്ടത്തിൽ എത്തിക്കും. സബ്സെ സഹി ചുനാവ് കാമ്പയിന്റെ ഭാഗമായി രണ്ടാമത് ഡി.വി.സി.യും കമ്പനി പുറത്തിറക്കി. കുറഞ്ഞ ചെലവിൽ ഉയർന്ന പ്രകടനം, ഉൽപ്പാദനക്ഷമത, ലാഭം എന്നിവ നൽകുന്ന വിശ്വസനീയമായ ഉൽപ്പന്നങ്ങളാണ് ഗ്രോമാക്സ് ഇതിലൂടെ കർഷകർക്ക് ഉറപ്പ് നൽകുന്നത്. ട്രാക്സ്റ്റർ കവച് സീരീസ്, ട്രാക്സ്റ്റർ 525 ഫോർ വീൽ ഡ്രൈവ്, ട്രാക്സ്റ്റർ 525 ടു വീൽ ഡ്രൈവ്, ട്രാക്സ്റ്റർ 540 എച്ച്ടി, ട്രാക്സ്റ്റർ 540 ഓർക്കാർഡ്, ട്രാക്സ്റ്റർ 545 ഫോർ വീൽ ഡ്രൈവ്, ട്രാക്സ്റ്റർ 550 ഫോർ വീൽ ഡ്രൈവ്, ട്രാക്സ്റ്റർ 550 എച്ച്ടി എന്നിവയാണ് പുതിയ ട്രാക്ടറുകൾ.

# ഇന്ത്യൻ ഓയിൽ മാർക്കറ്റിംഗ് ഡയറക്ടറായി സൗമിത്ര പി ശ്രീവാസ്തവ ചുമതലയേറ്റു


**കൊച്ചി:** ഇന്ത്യൻ ഓയിലിന്റെ മാർക്കറ്റിംഗ് വിഭാഗം ഡയറക്ടറായി സൗമിത്ര പി. ശ്രീവാസ്തവ ചുമതലയേറ്റു, ഐഐടി റൂർക്കിയിൽ നിന്ന് സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരിയായ സൗമിത്ര മുംബൈയിലെ എസ്പി ജെയിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് റിസർച്ചിൽ നിന്ന് എക്സിക്യൂട്ടീവ് എംബിഎയും നേടിയിട്ടുണ്ട്. കരിയറിന്റെ തുടക്കത്തിൽ എൽപിജി വിഭാഗത്തിൽ പ്രവർത്തിച്ച സൗമിത്ര ശ്രീവാസ്തവ മൂന്ന് പതിറ്റാണ്ടിലേയായി ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ



സുപ്രധാന പദവികൾ വഹിച്ചുവരികയാണ്. മാർക്കറ്റിംഗ് വിഭാഗത്തിലെ വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ച അദ്ദേഹം പ്രധാന ബിസിനസ്സ് വിഭാഗങ്ങളെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഡൗൺസ്ട്രീം പ്രവർത്തനങ്ങൾ, മാർക്കറ്റിംഗ്, തന്ത്രം എന്നിവയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച അദ്ദേഹം ബിസിനസ്സ് വളർച്ച നയിക്കുന്നതിലും ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിലും ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുന്നതിലും നിർണായക സംഭാവനകൾ നൽകി. നോൺഫ്യുവൽ കൺവീനിയൻസ് സ്റ്റോറുകൾ, ധ്രുവ റീട്ടെയിൽ ട്രാൻസ്ഫോർമേഷൻ പ്രോജക്റ്റ് എന്നിവയുൾപ്പെടെ നിരവധി പ്രധാന പദ്ധതികൾക്ക് നേതൃത്വം നൽകി. റീട്ടെയിൽ ട്രാൻസ്ഫോർമേഷൻ ഗ്രൂപ്പിന്റെ തലവനായും ഇന്ത്യയിലെ വടക്കുകിഴക്കൻ മേഖലകളിലെ റീട്ടെയിൽ ബിസിനസ് മേധാവിയായും സേവനമനുഷ്ഠിച്ചിരുന്നു. ന്യൂഡൽഹിയിലും മുംബൈയിലും ഡിവിഷണൽ ഓഫീസുകൾക്ക് രൂപം നൽകുന്നതിലും പടിഞ്ഞാറൻ ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ വിൽപ്പനയ്ക്കും നേതൃത്വം നൽകിയ സൗമിത്ര ശ്രീവാസ്തവ കോർപ്പറേറ്റ് സ്ട്രാറ്റജി എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികെയാണ് പുതിയ നിയമനം.

# പ്രഥമ ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ആർട്ടിസ്റ്റ് ഭാഗ്യനാഥിന്

**കൊച്ചി:** കൊച്ചി ആസ്ഥാനമായി രൂപം കൊടുത്ത 'ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റ്' ദേശീയ തലത്തിൽ മികച്ച രേഖാചിത്രകാരന് ഏർപ്പെടുത്തിയ പ്രഥമ പുരസ്ക്കാരം ആർട്ടിസ്റ്റ് ഭാഗ്യനാഥിന്.



ദാതാ ഫാൽക്കേ അവാർഡ് ജേതാവും, ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റ് രക്ഷാധികാരിയുമായ ചലചിത്ര താരം മോഹൻലാൽ അവാർഡ് ജേതാവിനെ പ്രഖ്യാപിച്ചു. വർത്തമാനകാലത്ത് കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ രേഖാ ചിത്രകാരന്മാരിൽ ഒരാളാണ് സി. ഭാഗ്യനാഥ്. അദ്ദേഹം സാഹിത്യ സംബന്ധിയായ ചിത്രീകരണ രംഗത്ത് ശ്രദ്ധേയ സംഭാവനകൾ നൽകുന്ന വ്യക്തിയാണെന്ന് മോഹൻലാൽ പറഞ്ഞു. ചിത്രകാരനും ശിൽപ്പിയും ആർട്ട് ഡയറക്ടറുമായിരുന്ന നമ്പൂതിരിയുടെ കലാപാരമ്പര്യത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള മഹത്തായ ഉദ്ദേശ്യത്തോടെ സ്ഥാപിതമായ 'ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റ്' നമ്പൂതിരിയുടെ ശതാബ്ദിയുടെ ഭാഗമായി പ്രഥമ അവാർഡ് ഒക്ടോബർ 18ന് എറണാകുളം ടി.ഡി.എം ഹാളിൽ വൈകീട്ട് 5.00 മണിക്ക് നടക്കുന്ന ചടങ്ങിൽ മോഹൻലാൽ സമ്മാനിക്കും. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ശിൽപ്പവുമാണ് അവാർഡ്. ആർട്ടിസ്റ്റുകൾക്ക് നേരിട്ടോ, സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ അവാർഡിനായി ആർട്ടിസ്റ്റുകളെ ശുപാർശ ചെയ്യാമായിരുന്നു. അപേക്ഷകരിൽ നിന്ന് ട്രസ്റ്റ് അംഗങ്ങളായ മുതിർന്ന മാധ്യമ പ്രവർത്തകൻ ബാബു ജോസഫ്, ആർട്ടിസ്റ്റ് നമ്പൂതിരിയുടെ മകൻ ദേവൻ, കാർട്ടൂണിസ്റ്റ് സുധീർനാഥ്, ഡോക്കുമെൻട്രി ഡയറക്ടറായ ബിനുരാജ് കലാപീഠം എന്നിവർ ചേർന്ന് 10 പേരെ തിരഞ്ഞെടുത്ത് ഫൈനൽ ജൂറിക്ക് സമർപ്പിക്കുകയായിരുന്നു. മുതിർന്ന മാധ്യമ പ്രവർത്തകൻ കെ. സി. നാരായണൻ ചെയർമാനായ ജൂറിയിൽ, കേരള ലളിതകലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത്, കാർട്ടൂണിസ്റ്റും എഴുത്തുകാരനുമായ രവിശങ്കർ എന്നിവരായിരുന്നു ജൂറി അംഗങ്ങൾ. ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റ് മാനേജിങ് ട്രസ്റ്റി ബാബു ജോസഫ് ജൂറിയിലെ മെമ്പർ സെക്രട്ടറിയായിരുന്നു.

# ശങ്കേഷ് ജ്വല്ലേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**മുംബൈ:** പരമ്പരാഗത രീതിയിൽ കൈകൊണ്ട് നിർമ്മിച്ച സ്വർണ്ണാഭരണങ്ങളുടെ വിൽപ്പന, ആഭരണങ്ങൾ ഉപയോക്താക്കളുടെ ഇഷ്ടാനുസൃതമാക്കുന്നതിനുള്ള സേവനങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശങ്കേഷ് ജ്വല്ലേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. മൂന്ന് കോടി പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ ഒരു കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രീ ഐപിഒ പ്ലേസ്മെന്റും കമ്പനിയുടെ പരിഗണനയിലുണ്ട്. ആര്യമാൻ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, സ്മാർട്ട് ഹൊറൈസൺ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ആമസോൺ ഫ്രെഷ് 270 ലധികം നഗരങ്ങളിലേക്ക്

**കൊച്ചി:** രാജ്യത്തുടനീളമുള്ള 270ലധികം നഗരങ്ങളിലേക്ക് ആമസോൺ ഫ്രെഷ് വിപുലീ കരിക്കുമെന്ന് ആമസോൺ ഇന്ത്യ. കോട്ടയം,കൊല്ലം, ഉത്തര ഗോരഖ്പൂർ, ഡെറാഡൂൺ, ജലന്ധർ, സിറാക് പൂർ, ദക്ഷിണ കോയമ്പത്തൂർ, നെല്ലൂർ, ഹസ്സൻ, കൊടക്, വാറങ്കൽ, വിജയനഗരം, വെല്ലൂർ, തിരുപ്പതി, ഹുബ്ലി, പൂർവ ജംഷഡ്പൂർ, അസൻസോൾ, ദുർഗാപൂർ എന്നിവയും പുതുതായി ചേർത്ത നഗരങ്ങളിൽ ഉൾപ്പെടുന്നു. ഫാംഫ്രെഷ് ഫ്രൂട്ട്സും പച്ച ക്കറികളും മുതൽ വീട്ടുസാധനങ്ങൾ വരെ വിപുലമായ സെ ലക്ഷൻ ലഭ്യമാകും. ആമസോൺ ഫ്രെഷിൽ 40,000ത്തിലധികം ഉൽപ്പന്നങ്ങളുടെ സമഗ്രമായ സെലക്ഷൻ ലഭ്യമാണ്. 270ലധികം നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിലൂടെ, മുമ്പെന്നത്തേക്കാളും കൂടു തൽ വീടുകളിൽ നിത്യോപയോഗ സാധനങ്ങളും ഉത്സവകാല ഫേവറെറ്റുകളും ലഭ്യമാക്കുക യാണ് ലക്ഷ്യമെന്ന് ആമസോൺ ഫ്രെഷ് ഇന്ത്യ ഡയറക്ടർ ശ്രീകാന്ത് ശ്രീ റാം പറഞ്ഞു.

# എസ്ഡിഒഎഫ് 4 പുറത്തിറക്കി യുടിഐ അൾട്ടർനേറ്റീവ്സ്

**കൊച്ചി:** യുടിഐ അസറ്റ് മാനേജുമെന്റ് കമ്പനിയുടെ പ്രൈവറ്റ് മാർക്കറ്റ് പ്ലാറ്റ്ഫോമായ യുടിഐ അൾട്ടർനേറ്റീവ്സ് തങ്ങളുടെ സ്വകാര്യ ക്രെഡിറ്റ് പരമ്പരയിലെ ഏറ്റവും പുതിയ പദ്ധതിയായ യുടിഐ സ്ട്രക്ചേഡ് ഡെറ്റ് ഓപ്പർച്യൂണിറ്റീസ് ഫണ്ട് 4 (എസ്ഡിഒഎഫ്4 ) പുറത്തിറക്കി. രാജ്യത്തെ ഇടത്തരം വിപണി ബിസിനസിലെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുകയാണ് ഈ പരമ്പരയിലെ പദ്ധതികളുടെ ലക്ഷ്യം. വിവിധ കാലയളവുകളിൽ വരുമാനം വിതരണം ചെയ്യുന്നതും ഇടത്തരം മുതൽ ഉയർന്ന തലത്തിൽ വരെ നേട്ടം ലക്ഷ്യമിടുന്നതുമാണ് 1500 കോടി രൂപയുടെ ഈ ഫണ്ട്.

രാജ്യത്തെ ഇടത്തരം വിപണിയിലെ സാമ്പത്തിക പിന്തുണയുടെ കാര്യത്തിലെ അപര്യാപ്തകൾ പരിഹരിക്കുന്ന രീതിയിലാവും തങ്ങൾ തുടർന്നും പ്രവർത്തിക്കുയെന്ന് യുടിഐ അൾട്ടർനേറ്റീവ്സ് സിഇഒ രോഹിത്ത് ഗുലാത്തി പറഞ്ഞു.

സവിശേഷമായ ഇടപാടുകൾക്കു തുടക്കം കുറിക്കുന്നതും കർശനമായ അണ്ടർറൈറ്റിങ് പ്രക്രിയകൾ ഉള്ളതുമാണ് എസ്ഡിഒഎഫിൻറെ തന്ത്രങ്ങളുടെ അടിത്തറയെന്ന് യുടിഐ അൾട്ടർനേറ്റീവ്സ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫിസർ ഷൗര്യ അറോറ പറഞ്ഞു.

# ബോൺബ്ലോക്ക് ടെക്നോളജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** നിർമ്മിത ബുദ്ധി (എഐ) അധിഷ്ഠിതമായ അടുത്ത തലമുറ സാസ് സൊല്യൂഷനുകളും ഇന്റർനെറ്റ് ഓഫ് തിങ്സ് ഉൽപ്പന്നങ്ങളും നിർമ്മിക്കുന്ന ബോൺബ്ലോക്ക് ടെക്നോളജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 230 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും മൂന്ന് കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രീഐപിഒ പ്ലേസ്മെൻറും കമ്പനിയുടെ പരിഗണനയിലുണ്ട്. പാൻറോമത്ത് കാപ്പിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.



# മണപ്പുറം ഫിനാൻസ് ചീഫ് പിആർഒ സനോജ് ഹെർബർട്ടിന് ദേശീയ പുരസ്കാരം

**വലപ്പാട്/കൊച്ചി:** ടൈംസ് ഗ്രൂപ്പിന്റെ ഇ ടി എഡ്ജ് സംഘടിപ്പിച്ച ദേശീയ സി സ്യൂട്ട് ടൈറ്റൻസ് കോൺക്ലേവിൽ മണപ്പുറം ഫിനാൻസ് ജനറൽ മാനേജർ സനോജ് ഹെർബർട്ടിന് പുരസ്കാരം. ജെയ്പൂരിൽ നടന്ന് കോൺക്ലേവിൽ ബെസ്റ്റ് സിഎംഒ അവാർഡാണ് സനോജ് ഹെർബർട്ടിന് ലഭിച്ചത്. മണപ്പുറം ഫിനാൻസിന് വേണ്ടി നടത്തിയ പബ്ലിക് റിലേഷൻസ്, മാർക്കറ്റിംഗ് സേവനങ്ങളുടെ മികവ് കണക്കിലെടുത്താണ് സനോജ് ഹെർബർട്ടിനെ അവാർഡിന് തിരഞ്ഞെടുത്തത്.
ചടങ്ങിൽ വച്ച് അദ്ദേഹം പുരസ്കാരം ഏറ്റുവാങ്ങി. മണപ്പുറം ഫിനാൻസ് ലിമിറ്റഡിൽ ജനറൽ മാനേജർ, ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്ന സനോജ് ഹെർബർട്ടിന് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, മൈക്രോ ഇൻഷുറൻസ്, സ്ട്രാറ്റജിക് കമ്യൂണിക്കേഷൻ എന്നിവയിൽ രണ്ട് പതിറ്റാണ്ടിലേറെ പരിചയ സമ്പത്തുണ്ട്. ഇന്ത്യയിലുടനീളമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ സ്വാധീനിച്ച പരിവർത്തന സംരംഭങ്ങൾക്ക് മണപ്പുറം ഫിനാൻസിലൂടെ നേതൃത്വം നൽകാൻ സാധിച്ചതിനുള്ള അംഗീകാരമായാണ് ഈ പുരസ്കാരം അദ്ദേഹത്തെ തേടിയെത്തിയത്.

# മാൻ കാൻകോറിന് നാല് ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ

**കൊച്ചി:** ആഗോള സ്പൈസ് എക്സ്ട്രാക്ട് വിപണിയിലെ മുൻനിര കമ്പനിയായ മാൻ കാൻകോറിന് നാല് ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ. സസ്റ്റെയിനബിൾ സോഴ്സിങ്, ഇന്നവേഷൻ, ജീവനക്കാരുടെ ക്ഷേമം, എന്നീ മേഖലകളിലെ മികവിനാണ് അംഗീകാരം. എഫ്ഐ ഇന്ത്യ 2025, ഇഫിയാറ്റ് 2025 (ഐഎഫ്ഇഎടി) , സിഐഐ കേരള എച്ച്ആർ കോൺക്ലേവ് 2025 എന്നിവയുടെ അവാർഡുകളാണ് ലഭിച്ചത്. എഫ്ഐ ഇന്ത്യ 2025ൽ സസ്റ്റയിനബിൾ സോഴ്സിങ് മികവിനുള്ള പുരസ്കാരം കമ്പനിയുടെ മിന്റ് സസ്റ്റയിനബിലിറ്റി പ്രോഗ്രാമിന് ലഭിച്ചു. ഉത്തർപ്രദേശിലെ 550 ഗ്രാമങ്ങളിലായി 6,000ത്തിലധികം കർഷകരുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയിലൂടെ ജലസേചനം 30 ശതമാനവും ഹരിതഗൃഹ വാതകത്തിന്റെ പുറംതള്ളൽ 37 ശതമാനവും കുറയ്ക്കാൻ സാധിച്ചു. ഈ പ്രവർത്തനങ്ങൾക്ക് ഇഫിയാറ്റ് 2025ലെ സസ്റ്റെയിനബിലിറ്റി പുരസ്കാരം വൻകിട കമ്പനികളുടെ വിഭാഗത്തിൽ രണ്ടാം സ്ഥാനവും മാൻ കാൻകോർ നേടി.

എഫ്ഐ ഇന്ത്യ 2025ൽ കമ്പനി അവതരിപ്പിച്ച സിചുവാൻ പെപ്പർ ഒലിയോറെസിൻ ഏറ്റവും നൂതനമായ മൂന്ന് ഉൽപ്പന്നങ്ങളിൽ ഒന്നായി തിരഞ്ഞെടുക്കപ്പെട്ടു. സവിശേഷമായ മണവും രുചിയുമുള്ള ഈ ചേരുവ, സോസുകൾ, മസാലക്കൂട്ടുകൾ എന്നിവയുടെ നിർമ്മാണത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

ജീവനക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന മികച്ച പ്രവർത്തനങ്ങൾക്ക് സിഐഐ കേരള എച്ച്ആർ കോൺക്ലേവ് 2025ൽ 'ബെസ്റ്റ് എംപ്ലോയീ വെൽബീയിംഗ് പ്രാക്ടീസസ്' വിഭാഗത്തിലും പുരസ്കാരം നേടി.ഈ പുരസ്കാരങ്ങൾ കമ്പനിയുടെ സസ്റ്റയിനബിലിറ്റി, ഇന്നവേഷൻ പ്രോഗ്രാമുകളിലുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതാണെന്ന് മാൻ കാൻകോർ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ജീമോൻ കോര പറഞ്ഞു. കർഷക ശാക്തീകരിക്കുന്നതിലൂടെയും ആഗോള വിപണിക്കായി മികച്ച പ്രകൃതിദത്ത ചേരുവകൾ ഒരുക്കുന്നതിലൂടെയും ശാസ്ത്രത്തെയും പ്രകൃതിയെയും ഒരുമിപ്പിക്കാൻ കമ്പനിക്ക് കഴിഞ്ഞുവെന്നും അദ്ദേഹം വ്യക്തമാക്കി.



# ആർസിഎം രൂപാന്തരൺ യാത്ര കൊച്ചിയിലെത്തി

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഡയറക്ട് സെല്ലിംഗ് കമ്പനിയായ ആർസിഎം രാജ്യവ്യാപകമായി നടത്തിവരുന്ന രൂപാന്തരൺ യാത്ര കൊച്ചിയിലെത്തി. ആർസിഎമ്മിന്റെ 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 75 നഗരങ്ങൾ പിന്നിട്ട് 25 പ്രധാന പരിപാടികൾ ഉൾപ്പെടെ 17,000 കിലോമീറ്റർ സഞ്ചരിക്കുന്ന 100 ദിവസത്തെ യാത്രയായ രൂപാന്തരൺ യാത്ര കൊച്ചി കൂടാതെ തൃശ്ശൂരിലും കണ്ണൂരിലും എത്തിച്ചേർന്നിരുന്നു. ജീവിതശൈലി രോഗങ്ങളായ പ്രമേഹം, ഹൈപ്പർടെൻഷൻ, തൈറോയിഡ് പ്രശ്നങ്ങൾ, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയവയെക്കുറിച്ച് അവബോധം വളർത്താനും ഈ രോഗങ്ങളെ തടയുന്നതിന് സഹായകരമായ ആരോഗ്യവർദ്ധക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് യാത്ര നടക്കുന്നത്. രൂപാന്തരൺ യാത്രയുടെ ഭാഗമായി എല്ലാ പ്രായത്തിലും പശ്ചാത്തലത്തിലും നിന്നുള്ള സ്ത്രീകൾക്കും യുവാക്കൾക്കും സംരംഭകർക്കും തുല്യ അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ, ഉപജീവനമാർഗങ്ങൾ ശക്തിപ്പെടുത്താനും ശ്രമിച്ചുവരുന്നതായി ആർസിഎം പറയുന്നു. കൊച്ചി സന്ദർശനത്തിൽ ആർസിഎമ്മിന്റെ ഭാഗമായി ജീവിതവിജയം നേടിയ വനിതായുവ സംരംഭകർ തുടങ്ങിയവർ തങ്ങളുടെ അനുഭവങ്ങൾ പങ്കിട്ടു. ആർസിഎം ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോയും പരിപാടിയിൽ പ്രദർശിപ്പിച്ചു. നെടുമ്പാശ്ശേരിയിലെ എയർപോർട്ട് റോഡിലുള്ള സിയാൽ ട്രേഡ് ഫെയർ സെന്ററിൽ നടന്ന ചടങ്ങിൽ ആരോഗ്യസേവന പ്രവർത്തനങ്ങളും സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചു

